(ബി-ഡി) തവനൂർ മണ്ഡലത്തിൽ ഫിഷറീസ് വകുപ്പ് മുഖേന നടപ്പിലാക്കിയ പ്രവൃത്തികളും അനുവദിച്ചതുകയും, പദ്ധതി പുരോഗതി സംബന്ധിച്ച വിവരവും അനുബന്ധം (എ) ആയി ചേർത്തിരിക്കുന്നു.*

തവനൂർ മണ്ഡലത്തിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന നടപ്പിലാക്കിയ പ്രവൃത്തികളും അനുവദിച്ചതുകയും പദ്ധതി പുരോഗതി സംബന്ധിച്ച വിവരവും അനുബന്ധം (ബി) ആയി ചേർത്തിരിക്കുന്നു.*

കടലിൽ നഴ്സറികൾ സ്ഥാപിച്ച് മത്സ്യം വളർത്തൽ

196 (204) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കടലിൽ നഴ്സറികൾ സ്ഥാപിച്ച് അതിൽ മത്സ്യകുഞ്ഞുങ്ങളെ നിക്ഷേപിച്ച് വളർത്തുന്നതിന് നിലവിൽ പദ്ധതി ഉണ്ടോ ;

(ബി) സംസ്ഥാനത്തിന്റെ തീരക്കടലിൽ ഇത്തരത്തിലുള്ള ഏതെങ്കിലും പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; അതിനുള്ള അനുമതിക്കായി ഏതെങ്കിലും സംഘടന അപേക്ഷിച്ചിട്ടുണ്ടോ;വിശദമാക്കാമോ ?

ഉത്തരം

(എ) നിലവിൽ ഫിഷറീസ് വകുപ്പിൽ അപ്രകാരമുള്ള പദ്ധതികൾ ഒന്നുംതന്നെ നടപ്പിലാക്കുന്നില്ല. എന്നാൽ കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള Marine Products Export Development Authority (MPEDA) യുടെ ഗവേഷണ സ്ഥാപനമായ RGCA കടലിൽ കേജ് സ്ഥാപിച്ച് മത്സ്യ കുഞ്ഞുങ്ങളെ വളർത്തിയെടുക്കുന്ന പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്. തിരുവനന്തപുരം ജില്ലയിലെ അടിമലത്തുറയിലാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്.

(ബി) കടലിൽ നഴ്സറികൾ സ്ഥാപിച്ച് മത്സ്യകുഞ്ഞുങ്ങളെ വളർത്തുന്നതിനായുള്ള അനുമതിയ്ക്കായി സംഘടനകളിൽനിന്നും അപേക്ഷകൾ ലഭിച്ചതായി കാണുന്നില്ല. സംസ്ഥാനത്തിന്റെ തീരക്കടലിൽ ഇത്തരത്തിലുള്ള പദ്ധതി നടപ്പിലാക്കാൻ ഇപ്പോൾ ഉദ്ദേശിക്കുന്നില്ല.

---

* ലൈബ്രറിയിൽവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly